Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ചിത്രോദയം.

റാവുസാഹിബ് ഉള്ളൂർ

എസ്. പരമേശ്വരയ്യർ

എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്.

ബി. വി. ബുക്ക് ഡിപ്പോ

തിരുവനന്തപുരം.

1107.

[വില ണ. [illegible].

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ചിത്രോദയം

I

കൈതൊഴാം തൊഴാം ഞങ്ങൾ മാതാവേ! വഞ്ചിക്ഷോണി!
കൈതൊഴാം തൊഴാം ദേവി! കാരുണ്യസ്വരൂപിണി!
പാരിലെദ്ദിങ്നാരിമാരൊക്കെയും തദ്രാജ്ഞിയാം
ഭാരതാംബതൻ മെയ്യിലർപ്പിക്കും പുകൾപ്പൂക്കൾ
ധന്യങ്ങളായീടുന്നു വിശ്രാന്തിക്കൈക്കൊൾകയാൽ
തന്നലർക്കഴൽപ്പാട്ടിൽ— തായതൻ തിരുമാറിൽ.
ചന്തിക്കുന്നോരാറിയാം ഹസ്തിനി ഭവതിയാം
തൻ തുമ്പിക്കരത്തിനാലാഴിനീർ കോരിക്കോരി
സന്തതം വീഴിച്ചല്ലീ മുത്തണി[illegible]യോഷ്ണീഷം
ബന്ധിപ്പൂ നാൾക്കുനാളാ സമ്രാട്ടിൻ ശിരസ്സിങ്കൽ?

Digitized By Kerala Sahitya Akademi

നാഗലോകത്തെത്തൊട്ടും സാഗരമൊന്നു കൈയാൽ;
നാകത്തോട്ടുരുമ്മീട്ടും സഹ്യാദ്രി മറ്റേക്കൈയാൽ;-
തന്മദ്ധ്യോടൊപ്പം രണ്ടും ചേർത്തണച്ചിളകൊള്ളു-
മമ്മസ്സു തുല്യം പാർത്താൽ താഴ്ചയുമുയർച്ചയും. ൨൦

മർത്ത്യർതൻ മാനാമോഹനമായിട്ടും മാതാപ്പുഷ്ക-
മദ്വൈതജ്ഞാനാമൃതം വർഷിച്ചു കഴുകുവാൻ
ശോലിത്തൊരുണ്ണിക്കംബോധം ലഭിച്ചിതവിടുത്തെ-
ക്കാലടിപ്പാട്ടിൻ മേന്മ; നന്മുലപ്പാലിൻ വീര്യം. ൨൧

നീളവേ പേർവില്ലോരോ പാടത്തിൽ; കൊട്ടങ്ങൾ
ചോലയിൽ; പ്പടക്കൊടിയാറ്റിലും നേടാം വേറെ;
വെന്നിട്ടത്തർ മാതാവിൻെറ മാമല നല്കീട്ടുള്ളീ
പന്തളപ്പൻ മറ്റൊരു ലക്ഷ്മീഗ്ര്യനായ് ജ്ഞെയിക്കുന്നു? ൨൨

Digitized By Kerala Sahitya Akademi

പ്രാൎത്ഥിച്ചാൽ തൃക്കാരിയൂർക്ഷേത്രത്തിലെത്താമെന്നു
വാഗ്ദത്തം ചെയ്തിട്ടുള്ള കാൎത്തവീൎയ്യാരാതിയിൽ
ഭീയൊടും മാതാവിനു സന്താപം വളൎത്താതെ-
യായിരം കരം കോപ്പുമാദിത്യൻ ചരിക്കുന്നു. ൨൯

തന്നാധീശനു ശുദ്ധി നല്കിന ഭവതിയിൽ
നന്ദിപൂണ്ടാനന്ദാശ്രു കാൎനൊട്ടുകുന്നാൽത്തൂകി
മിക്കനാളിലും വാനമമ്മതൻ പൂമേനിയിൽ-
പ്പുൽക്കൊടിപ്പുതുക്കുളിർക്കോൾമയിർ പൊങ്ങുന്നു. ൩൦

വേഴ്ചയിൽ സൂൎയ്യൻ നല്കും വെള്ളിക്കാശുകൾക്കിന്നു
കാഴ്ചദ്രവ്യവുംകൊണ്ടു വന്നീടും പുഴകളെ
സ്ഥായിപ്പൂണ്ടപ്പോഴും മുന്നിൽ ചെന്നിന്നെതിരേല്ക്കു
കായൽപ്പേർ കൈക്കൊള്ളുന്ന കടലിൻ മരുമക്കൾ. ൩൧

Digitized By Kerala Sahitya Akademi

ലോകമാതാവും വാണീദേവിയും ബ്രഹ്മാവിന്റെ
യാഗശാലയായൊരു മാതാവിന്നങ്കത്തിങ്കൽ
പണ്ടേയ്ക്കുപണ്ടേ ചെയ്ത സഖ്യത്തെ മാനിച്ചിന്നും
രണ്ടെന്ന ഭാവം വിട്ടു കൈകോർത്തു കളിക്കുന്നു. ൯

ഓരോരോ തോപ്പിങ്കലുമമ്മയിൽത്തങ്ങിത്തിങ്ങും
കോരങ്ങൾ—ആരാമത്തെ സാർവ്വക്ഷമതല്ലികൾ—
ശ്രീയാം തൽസഹോദരിക്കു ചൈത്രയാത്രയിൽപ്പെട്ട-
മായാസം പാച്ചുകൂട പിടിച്ചു തീർത്തീടുന്നു. ൧൦

കൈതൊഴാം തൊഴാം ഞങ്ങൾ മാതാവേ! വഞ്ചി
[ക്ഷോണി!
കൈതൊഴാം തൊഴാം ദേവി! കല്യാണപ്രദായിനി!
൧൧

Digitized By Kerala Sahitya Akademi

## II

വന്ദിക്കാം ഭ്രാതാക്കളേ! വന്ദിക്കാം കരം കൂപ്പി
വന്ദ്യങ്ങൾക്കെല്ലാം വന്ദ്യം വഞ്ചീന്ദ്രസിംഹാസനം. ൮൯

താൻ തുലോം സർവ്വപ്രജാസന്താനമാം ലോഹത്തിനെ-
ക്കാന്തമിക്ഷ്മാഭൃൽപീഠം കർഷണം ചെയ്തിടുന്നു.
ഈ യശഃകൈലാസത്തിനാധാരമചഞ്ചല,-
മീയോജസ്സുമേരുവിൻ മാഹാത്മ്യം സനാതനം. ൯൦

ഉൾഭദ്രാസനസ്ഥരാം മന്നക്കു കൂടസ്ഥരായ്
നില്പവൻ കലാനിധി, രാജാവു, ഹിമകരൻ;
നാകത്തേക്കിന്ദ്രൻ വരാനർത്ഥിക്കെത്തദ്വംശജൻ
നാഹുഷൻ ഞാൻ വാനാക്കുമെൻനാട്ടെന്നുരച്ചവൻ. ൯൧

Digitized By Kerala Sahitya Akademi

അന്യനീരാജ്യം കാക്കും മന്നവർ യശസ്സിനാൽ
ച്ചൂന്നോരെ മുന്നോരെക്കാൾ മുൻപെരാവത്തുമൂലം
ശ്രുദ്ധിയിൽപ്പോലെ തന്നെ യോഗത്തിങ്കലുമവ-
ക്കീട്ടറു യോജിക്കുന്നു കുലശേഖരപാദം. ൧൭

ഇക്ഷിതിക്ഷിത്തുകൾക്കു പൂൎവ്വഗനൊരു മഹാൻ
ദക്ഷിണാപഥത്തിനു ചക്രവൎത്തിയായ്ത്തീൎന്നോൻ
ചേലാളും തൽക്കീൎത്തിയാൽ സൃഷ്ടിച്ചാൻ വിശാലമായ്-
പ്പാലാററിൻ പാൎശ്വത്തിങ്കൽ മറ്റൊരു പാലാറ്റിനെ. ൧൮

ആശ്ചൎയ്യം! പണ്ടേക്കാലമാംഗ്ലേയന്മാർ വെറും
വൈശ്യരായ് വാണീടിന നാളിലുമവരുമായ്
ശ്ലാഘ്യമാം സഖ്യമൊന്നു സന്മുഹൂൎത്തത്തിൽച്ചെയ്താർ
ദീൎഘദൎശികളാകുമിന്നാട്ടിൽ പെരുമാക്കൾ. ൧൯

Digitized By Kerala Sahitya Akademi

പാദം തൽകുലാദ്രിക്കു സിന്ദൂരതിലകമായ്
വീരമാർത്താണ്ഡാഖ്യജ്യോതിസ്സു വിദ്യോതിക്കേ
ആചാരലാജാച്ച്രാം സമ്മാനമർപ്പിച്ചാൻ
രാജോഡുക്കളെക്കൊണ്ടു ഭാഗ്യവാരിയാം ദ്യോവും. ൧൦

ലന്തതന്നന്തസ്സാരം നിശ്ശേഷം പിഴിഞ്ഞെടു-
ത്തത്തമററാത്മീയയശസ്സുകൾ ലിപ്പിച്ചൊരിവൻ
ഏകച്ഛത്രമാത്രം ശിരസ്സാനമിപ്പിച്ചാൻ—സാക്ഷാൽ
ലോകൈകശരണ്യനാം ശാർങ്ഗിതൻ തിരുമുൻപിൽ. ൧൧

പൂമകൾ പുൽകീടിലും മൂന്നടിത്തറയ്ക്കായി
വാമനീഭവിച്ചതനാഗത്തു തൃപ്തിപ്പെടാൻ
തൽപാദത്തിൽ — വിണ്ണാററിന്റെയുത്ഭവസ്ഥലത്തിങ്കൽ —
ഇച്ഛലി! സമർപ്പിച്ചാൻ തന്നേട്ടം സമസ്തവും. ൧൨

Digitized By Kerala Sahitya Akademi

അമ്മഹാൻതൻ സ്വാസ്ത്രീയൻ ഭാരതിയെയേകസ്വത്താം
ധർമ്മത്തിൽ — പുരുഷാർത്ഥമന്ദാരമൂലത്തിങ്കൽ —
തൽഭരം ന്യാസംചെയ്തു സർവ്വസിദ്ധിയും നേടി
നിർഭയം വിളങ്ങിനാൻ നിർവൃത്തനുന്മോദ്ദേശ്യൻ. ൨൨

മഹിഷാധീശനു തന്മുന്നിലമ്മഹാത്മാവിൻ
മഹിമാവി വാഴിക്ഷോണി ദൃശ്യയായ്ക്കാണപ്പെട്ടു;
ഏവർക്കും ക്ഷേമം നൽകാൻ ശക്തമായ് നിവിർത്താര-
ദ്ദേവൻ തൻ കൊററക്കുടപ്പാൽപ്പൂൽകർക്കശ്ശ്രോവദ്ധനം. ൨൩

നന്ദിക്കാം ഭ്രാതാക്കളേ! വന്ദിക്കാം കരംകൂപ്പി-
ദ്ദൈന്യത്തെപ്പുലർത്തുമിദ്ദൂര്യമാം ഭദ്രാസനം. ൨൪

III

മംഗളം മഹാപ്രഭോ! മംഗളം ചിദാശ്ശക്തി
ഞങ്ങൾക്കായ് പ്രസാദിച്ച മൌക്തികപ്രകാണ്ഡമേ!

ൻ൦

Digitized By Kerala Sahitya Akademi

കൊല്ലമൊന്നല്ല മൂന്നായങ്ങയെക്കാത്തീവഞ്ചി
കല്യാണപ്പൂമാലയും കൈയുമായ് നില്കൊൾവൂ;
ചേരുന്നൂ വിഭോ! ചെന്നിട്ടിസ്സ്രക്കിനോട്ടിനാം
ചാരുവാം ഭവൽകണ്ഠമൂലത്തിൽ—തൽസ്ഥാനത്തിൽ. ൯൮

അങ്ങയാൽ ചാർത്തപ്പെട്ടമത്യനർഘമാം തിരു-
മംഗല്യം ധരിപ്പതീമങ്കതൻ മഹാഭാഗ്യം.
യജ്ഞത്തിനൊരുങ്ങുവിൻ! ഗാർഹസ്ഥ്യം ചരിക്കുവിൻ!
യജ്ഞേശൻ ലക്ഷ്മീപതി നിങ്ങൾക്കു നിത്യാതിഥി. ൯൯

യജ്ഞമൊന്നിദ്ദാമ്പത്യാത്മം സുഖത്യാഗം;
സജ്ജനപ്രീതിപൂർണ്ണം സാരമാം ഗൃഹധർമ്മം.
അപ്പരാർദ്ധ്യാനുഷ്ഠാനപദ്ധതി യഥാകാല-
മിപ്പുള്ളിക്കെട്ടിൻഫലം നൽകിടും—പ്രജോദയം. ൧൦൨



Digitized By Kerala Sahitya Akademi

കുലശേഖരന്മാൎക്കു കുലബലം നല്കുന്നപോൽ
കുലദൈവതങ്ങളാം ധൎമ്മവും ഗോവിന്ദനും.
ധൎമ്മം താൻ പത്മനാഭൻ; പത്മനാഭൻ താൻ ധൎമ്മം;
ധൎമ്മമെങ്ങങ്ങോ ജയം; ധൎമ്മവിഗ്രഹൻ ഹരി. ൧൯

അവന്തിക്കായിപ്പണ്ടു മധുരാപുരിവിട്ടു
ദ്വാരകാധീശൻ പോയി പുരുഷൻ പുരാതനൻ
വാണിയെബ്ഭജിക്കുവാൻ; അമ്മട്ടിലവിടുന്നും
സ്യാനന്ദൂരത്തെ വിട്ടു മഹിഷപുരത്തിങ്കൽ. ൨൦

കേരളീയനാമസ്മദാചാൎയ്യൻ പ്രതിഷ്ഠിച്ച
ശാരദാപീഠമിന്നുമന്നാട്ടിൽ വിളങ്ങുന്നു;
ആ ദേശം സ്പഷ്ടദൃഷ്ടമാനസ, പ്രാചീന-
വൈദേഹരാജൎഷിതൻ വായ്പേഴും വാസസ്ഥാനം. ൨൧

Digitized By Kerala Sahitya Akademi

മൂന്നാം തൽസമാവൃത്യാനാം തൽപൂർവനൊരു മഹാൻ
വെന്നാൻപോലങ്ങുള്ളോരെപ്പോരാളിക്കൈവാളിനാൽ;
സ്വാതന്ത്ര്യമക്കൂട്ടരെ വെന്നുപോല,ങ്ങിന്നാളും
ചക്ഷുസ്സാൽ—സ്മിതത്തിനാൽ—വാക്കിനാൽ—ഏതൽ
[ത്താൽ. ൧൧൮

ക്ഷോണിയിൽപ്പലേടത്തും ഛിന്നമായ്ക്കിടക്കുന്ന
വാണിതൻ വരങ്ങളാം മൌക്തികരത്നങ്ങളെ
ശേമുഷീസൂത്രത്തിൽക്കോർത്തവിട്ടന്നണിയുന്ന
കമനീയകം വായ്ക്കും കണ്ഠത്തിലേകാവലി.

അമ്മഹാനസ്വിനി വേൽപ്പൂ മേല്ക്കുമേലവിടുത്തെ
യമ്മയാം ശ്രീമൽസേതുപാർവ്വതീമഹാറാണി;
കേരളകവിത്വംവെയ്ക്കു രോമാഞ്ചപ്രദായിനി;
ഭാരതസ്ത്രീലോകത്തിൻ ഭാവുകചിന്താമണി. ൧൨൯

Digitized By Kerala Sahitya Akademi

ധീരയാമദ്ദേവിതൻ സംസ്കാരപൂതം ചിത്തം
ക്ഷീരസാഗരംപോലെ വിശദം വിശങ്കടം;
വിഭവം പലേമട്ടിലുലകിൻ നന്മയ്ക്കായി
വിബുധവൃന്ദം മേലിലങ്ങു നിനാശിക്കുന്നു. ൫൰൧

ഏവക്കും ഭാരത്തിനാൽ ചൂടുവാൻ ഭയം തോന്നു-
മീവഞ്ചിക്ഷിതീന്ദ്രർതൻ തൃക്കിരീടാലങ്കാരം
സാരസനാഭാങ്ഘ്രിയിൽ സാരജ്ഞൻ ഭവൽപൂർവ്വൻ
വീരമാർത്താണ്ഡദേവനർപ്പിച്ച പൊൽപൂവല്ലീ? ൫൰൨

മാധവൻ താങ്ങായ് നില്ക്കും ഭാവൽകവംശത്തിങ്ക-
ലേതിളന്തലയ്ക്കുമിറ്റപ്പൂമലർ ചുമടല്ല;
ചേലെഴും തൃക്കൈക്കെന്നും ചെങ്കോലുമവിടേയ്ക്കു
പീലിക്കെട്ടെന്നോവത്രു വിശ്വത്തെയാവർജ്ജിപ്പാൻ. ൫൰൩

Digitized By Kerala Sahitya Akademi

അങ്ങേയ്ക്കിന്നൊന്നും ലോകം ഹർഷാശ്രുഗംഗാംബുനാൽ
മംഗലാഭിഷേകത്തെ മാന്ദ്യംവിട്ടനുഷ്ഠിപ്പൂ;
ആനമച്ചടങ്ങല്ലീ നിർവ്വഹിക്കുന്നു വീണ്ടും
പൌരാണക്ഷാത്രത്തിൻ പരിപാടിയിൽ പുരോഹിതർ? ൧൦൨

മംഗളം മഹാത്മാവേ! വഞ്ചിഭൂമണ്ഡലവാവേ!
മംഗളം മഹാരാജമൌലിതൻമണിപ്പൂൺവേ!

IV

പ്രാർത്ഥിക്കാം നമുക്കെല്ലാം പ്രാർത്ഥിക്കാം ദൈവ
[തോടി.

പ്രാർത്ഥിതപ്രവേകനാം സനാതീപ്തപരം നന്ദനൻ.

൧൦൩

Digitized By Kerala Sahitya Akademi

ഭിന്നരല്ലല്ലോ മതജാതികൾമൂലം നാമീ-
മന്നൻതൻ പ്രജകളാം സോദരരേകോദരർ;
സ്വാതന്ത്ര്യമാം രാജ്യസ്നേഹതന്തുവിൽ കോർക്കപ്പെട്ട
പൂക്കൾ നാം, ഭാരതക്ഷിതിവാസനാസ്ഥാവാസങ്ങൾ. ൫൩൦

നമ്മൾക്കും ഭാഗ്യത്തിനാൽ ചൈതന്യമുദിക്കുന്നു;
നമ്മെയും താരാർമണത്തെത്തെന്നലുണർത്തുന്നു;
നാടെങ്ങും ഗുണങ്ങൾക്കിനൾക്കൂമ്പു വിടരുന്നു;
നാടെല്ലാമാശാവല്ലി ചെന്തളിരണിയുന്നു; ൫൩൪

മെല്ലെങ്ങും പൊൻപൂമ്പൊടിക്കോപ്പണിഞ്ഞാടിപ്പാടി-
പ്പുഷ്പവേ പറക്കുന്നു പന്തിയിൽക്കാർവണ്ടുകൾ;
സാനന്ദം കുയിൽക്കുലം പ്രകൃതിപ്രതീക്ഷകൾ
ഗാനത്തിൽപ്പകർത്തുന്നു ഭാവനാഗതിക്കൊപ്പം. ൫൩൮

Digitized By Kerala Sahitya Akademi

ലോകത്തിൻ താപശുശ്രൂഷാവല്ലിതൻ പരിപാക-
മേകമിച്ചൈത്രോത്സവം ഹൃത്തുങ്ങൾക്കെല്ലാം ഹൃദ്യം.
ഈയക്കണിതൻ ഫലം നമുക്കേവർക്കും നിസ്സംശയം
ഭാഗ്യലക്ഷ്മിതൻ സ്വയംഗ്രാഹമാം പരിഷ്വംഗം. ൧൨൮

നോക്കുവിൻ! ബാല്യത്തോടും ഭോഗത്തെ ത്യജിച്ചൂഴി
കാക്കുവാൻ തുടങ്ങുമിക്കല്യാണധാമാവിനെ.
സ്വാർത്ഥത്തെ പ്രമാണിപ്പോനല്ലയോ പതിക്കുന്നു
മൂർദ്ധാവിലിവിടേയ്ക്കു രാജ്യാഭിഷേകോദകം? ൧൨൯

കേവലം പരാർത്ഥമായല്ലയോ ജീവിക്കുന്നു
മാവേലിതൻ നാട്ടിലിപ്പുത്രൻ സദ്ഭൂപ്രിയൻ?
കേട്ടറി വിശ്വം കാക്കും കേവലാത്മാവിൻ നേർക്കു
കോടിയിൽക്കൂട്ടും കൈകൾ കോരകീഭവിക്കട്ടെ! ൧൩൦

Digitized By Kerala Sahitya Akademi

ഇച്ഛിതാതാരോരോരുത്തൻ ദേവനെപ്പാലിച്ചാലും
സച്ചിദാനന്ദമൂർത്തേ! സർവ്വലോകാന്തര്യാമിൻ!
അൻപതിൽപ്പരം ലക്ഷം സാധുക്കൾക്ഷേത്രത്തിലി-
ത്തഴുമാൻ വാഴ്‌വൂ — ഭവൽസന്നിധാനത്തിൽ —
[സ്വാമിൻ! ൧൨

ഞങ്ങൾതന്നാശാങ്കുരം സർവ്വവും ചിത്രോത്ഭവ,-
മങ്ങതിന്നധിഷ്ഠാതാ,വക്ഷയപ്രാണപ്രദൻ.
ഈ വരിച്ചിയങ്ങേവന്നി;യിന്നതിൻ നിയന്താവി-
ദ്ദേവൻ താൻ ദ്ദാസൻ; ഞങ്ങളേവരും യാത്രക്കാരർ. ൧൩

സേവ്യസേവകർ നിങ്ങൾ; ഞങ്ങളിൽ ഭവാനരു
സേവ്യധർമ്മോപദേശം ചെയ്യുവാനധികാരി?
മേവും ഹാ! സർവ്വാതീത നിങ്ങളെ പ്രാർത്ഥിക്കുവാൻ
കാലദേശാവച്ഛിന്നർ ഞങ്ങൾക്കു കഴിവുണ്ടോ? ൧൪

Digitized By Kerala Sahitya Akademi

ആയുരാരോഗ്യൈശ്വൎയ്യശൎമ്മങ്ങൾക്കോരോന്നിനു-
മാശയോടടുക്കുമ്പോളവ്യാപ്തിദോഷംവായ്ക്കൂ.
എത്രമേൽ പൂൎവ്വക്ഷണം നേൎന്നാലുമതൊക്കെയു-
മുത്തരക്ഷണത്തിൻെറ ദൃഷ്ടിയിലപൎയ്യാപ്തം. ൧൨൯

കരുണാംബുധേ! ഭവന്മണികളേതെല്ലാമെ-
ന്നറിവാനാകുന്നതില്ലലർമാതിനുപോലും.
അൎത്ഥിതൻ കൈക്കുമ്പിളിന്നാകൃതിയളന്നല്ല
വിത്തവാൻ ചെയ്യേണ്ടതു വിഭവോചിതംദാനം. ൧൩൦

"ഓരോരോ നവീനമാമുത്തമ പരിഷ്കാരം
പേരോലും വഞ്ചിക്ഷമാദേവിതൻ തിരുമെയ്യിൽ
തൽപ്രിയൻ ചാൎത്തീടട്ടേയിന്നൃപൻ വിശിഷ്ടയാ-
മപ്പട്ടമഹിഷിതൻ സ്ഥാനത്തിന്നാക്കും വിധം. ൧൩൧



Digitized By Kerala Sahitya Akademi

ആർജ്ജവം, ശമം, ദമം, കാരുണ്യം, സമഭാവ-
മീച്ചൊന്ന ഗുണങ്ങളാം രത്നാകരത്തുക്കളാൽ
ഇദ്ദേവൻ ചൊരിയട്ടേ നിത്യവും ശ്രേയംപൂണ്ടു
വർത്തിക്കും വഞ്ചിക്ഷ്മാമേൽ നമ്പൂരലെശ്മാറി. ൨൦൧

ഏതുനാൾ നാരായണൻ ഭൂമിക്കു രക്ഷകാന്തം
സാധിച്ചു ദീപാവലി പാരെങ്ങും ജ്വലിപ്പിച്ചു;
അന്നാളിലവതാരമാർന്നൊരീ വിഷ്ണ്വംശജൻ
മന്നന്നുമക്കാര്യമേ സാദ്ധ്യമായ് ഭവിക്കട്ടെ! ൨൦൨

ഓജസ്സും പ്രസാദവും തുല്യമായ് സൂര്യേന്ദുക്കൾ
യോജിച്ചു ഭൂവിൽദീപ്തിക്കുദവിച്ചതുപോലെ
ശാസ്ത്രകൽഭേദംവെടിഞ്ഞെപ്പൊഴും വിളങ്ങട്ടെ-
യഷ്ടമാൻ ധരാദ്രവും ചെമ്പോത്തും വാഴ്ത്തുംവണ്ണം.

൨൦൩

Digitized By Kerala Sahitya Akademi

സ്വാപദാനത്തിൻ മേന്മകൊണ്ടു തൽപൂൎവ്വന്മാരാം
ഭൂപാലെ സ്ഥത്ത്വവ്യാല്ലെന്നാക്കി നിരന്തരം
ചാൎത്തട്ടേ കസ്തൂരിപ്പൊട്ടിനൃപൻ തന്നോമന-
ക്കീൎത്തിലക്ഷ്മിതൻ തിങ്കൾക്കീറൊളിത്തിരുനെററിയിൽ.”

൨൱൦

അനുഗ്രഹാധികപ്രദാനങ്ങളെയോതിമദ്ധ്യേപോ
വാക്യത്താൽ ചൊല്ലുന്നീല മൂകതാപ്രഖ്യാപനം.
ഭൂതഭാവനാ! വിഭോ! പോരുക ചിത്രക്ഷോണി-
നാഥനെ നയങ്ങളെശ്ശക്തിക്കൊപ്പവും,—അരിമേവലും. ൨൱൧

പ്രാൎത്ഥിക്കാം നമുക്കെല്ലാം പ്രാൎത്ഥിക്കാം ദൈവത്തോടി-
പ്പാൎത്ഥിവപ്രവേകനെപ്പാലിപ്പാൻ പ്രതിക്ഷണം. ൨൱൨

Digitized By Kerala Sahitya Akademi

# ടിപ്പണി.

൨ – ൩. ദിങ്നാരിമാർ=ദിക്കുകളാകുന്ന സ്ത്രീകൾ; ദൂരസ്ഥങ്ങളാകുന്ന രാജ്യങ്ങൾ. ഭാരതാംബ=ഭാരതഭൂമിയാകുന്ന മാതാവ്; വന്ദ്യയായ ഭാരതഭൂമി. ഭാരതഭൂമി അന്യദിക്കുകൾക്കു റാണിയാകുന്നു. അന്യരാജ്യങ്ങൾ അച്ചിക്കുന്ന യശോരൂപങ്ങളായ കുസുമങ്ങൾ പതിക്കുന്നതു ഭാരതഭൂമിയുടെ (അലർ) പൂപോലെ മൃദുലമായ പാദത്തിൽ, അതായതു തിരുവിതാംകൂറിൽ ആകുന്നു. ഭാരതഭൂമിക്കു അന്യദേശങ്ങളിൽ ലഭിക്കുന്ന കീർത്തി പരിണാമത്തിൽ തിരുവിതാംകൂറിനെ ആശ്രയിച്ചുള്ളതാണെന്നു കാണാം.

൭ — ൧൦. പുണ്യോർവി=പുണ്യഭൂമി; ഭാരതഭൂമി. ഭാരതഭൂമിയെ ഇവിടെ(ഹസ്തിനി) ഒരു പിടിയാനയായും തിരുവിതാംകൂർ ഉൾപ്പെട്ട അതിന്റെ ദക്ഷിണാഗ്രത്തെ ആ പിടിയാനയുടെ തുമ്പിക്കൈയായും ഉല്ലേഖനം ചെയ്തിരിക്കുന്നു. ഈ തുമ്പിക്കൈകൊണ്ടു് ആ പിടിയാന സമുദ്രജലം കോരി തലയിൽ വീഴ്ത്തുമ്പോൾ എല്ലാ (ക്ഷ്മാഭൃത്തുകൾ) പർവതങ്ങൾക്കും ചക്രവർത്തിയായ ഹിമവാന് ആ ജലം മുത്തുകൾ പതിച്ചിട്ടുള്ള തലപ്പാവ് അണിയിക്കുന്നു. തുമ്പിക്കൈ മുത്തുകൾ വിളയുന്ന സമുദ്രഭാഗത്തെയുമാണല്ലോ ചരിഞ്ഞിരിക്കുന്നതു്. ഹിമവാന്റെ മുത്തണിത്തലപ്പാവ് മഞ്ഞു്. സമ്രാട്ടായ ജോർജ്ജ് പഞ്ചമനുപോലും തിരുവിതാംകൂർ മേന്മ നൽകുന്നു എന്നു് ധ്വനി.

൧൧ — ൧൪. പാതാളം തൊടത്തക്കവണ്ണം അത്ര താണുകിടക്കുന്ന സമുദ്രത്തെ ഒരു കൈകൊണ്ടും സ്വർഗ്ഗ

Digitized By Kerala Sahitya Akademi

ത്തെ സ്പർശിക്കുന്ന സഹ്യപർവ്വതത്തെ മറെറാരുകൈകൊണ്ടും തിരുവിതാംകൂർ തന്റെ ദേഹത്തിൽ ചേർത്തണയ്ക്കുന്നു. പടിഞ്ഞാറുവശം സമുദ്രവും കിഴക്കുവശം സഹ്യനുമാണല്ലോ. അമ്മയ്ക്കു് ഉച്ചനീചത്വങ്ങൾ ഒന്നുപോലെയാണു്; രണ്ടിലും ഭാവഭേദമില്ല.

൧൭—൧൮. മായാപ്പുകം=മായാത്ത അഴക്. തൊലിട്ടൊരുണ്ണി=അനതീതബാല്യനെന്നു പറയാവുന്ന ഒരു ഉണ്ണിനമ്പൂരി; ശ്രീമച്ഛങ്കരാചാര്യർ. കാലടിയിലാണല്ലോ ആചാര്യപാദരുടെ ജനനം; ആത്തരത്തിലുള്ള ശക്തി അദ്ദേഹത്തിനു ലഭിച്ചതു പുണ്യവതിയായ അമ്മയുടെ പാദസേവകൊണ്ടും സ്തന്യപാനംകൊണ്ടുമാണു്.

൧൯—൨൦. കാമദേവനു കരിമ്പു വില്ലും, അമ്പുകളിൽവച്ചു മുഖ്യമായ താമരപ്പൂവും, കൊടിയായ മത്സ്യവും മററുദിക്കുകളിലും കിട്ടും. വെന്നി=ജയം. സഹ്യപർവ്വതം നൽകുന്ന മന്ദമരുത്താകുന്നു കാമദേവന്റെ രഥം. ആ രഥംകൊണ്ടാകുന്നു അദ്ദേഹം മഹാരഥനായി ദിഗ്ജയം ചെയ്യുന്നതു്. അഗ്ര്യൻ=ശ്രേഷ്ഠൻ.

൨൧—൨൨. മലയാളബ്രാഹ്മണർ പ്രാർത്ഥിച്ചാൽ തൃക്കാരിയൂർ ക്ഷേത്രത്തിലെത്താമെന്നു കാർത്തവീര്യാർജ്ജുനന്റെ (അരാതി) ശത്രുവായ ചിരഞ്ജീവി പരശുരാമൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്. കാർത്തവീര്യാർജ്ജുനൻ സഹസ്രകരനായിരുന്നു. അതുപോലെ സൂര്യനും സഹസ്രകരനാകയാൽ പരശുരാമനിൽ ഭയപ്പെടാൻ ന്യായമുണ്ടു്. അതുകൊണ്ടു തിരുവിതാംകൂറിനും സന്താപം (ഊഷ്മാവു് എന്നും വ്യസനം എന്നും) വളർത്താതെ അദ്ദേഹം ലോകയാത്ര ചെയ്യുന്നു. കാലവർഷവുംമററുംകൊണ്ടു് ഇവിടെ അന്യദേശങ്ങളിലെന്നപോലെ ഉഷ്മാവില്ലെന്നു സാരം.

Digitized By Kerala Sahitya Akademi

൨൯—൩൦. നാകത്തിന്റെ അധീശൻ=ദേവേന്ദ്രൻ. അദ്ദേഹത്തിനു ശാപശുദ്ധി ലഭിച്ചതു ശുചീന്ദ്രത്തിലാകുന്നു. ഇവിടെ മഴ അധികമായി പെയ്യുന്നതു സ്വൎഗ്ഗത്തിനു് ഈ നാടിനോടുള്ള തന്നിമിത്തമായ കൃതജ്ഞതകൊണ്ടാണെന്നു് ഉല്ലേഖം. കാർനെടുംകണ്ണ്=കറുത്ത (ഇമയോടുകൂടിയ) ദീൎഘനേത്രമെന്നും കാർ (മേഘം) ആകുന്ന നെടുങ്കണ്ണെന്നും. കൃതജ്ഞതാപൂൎവ്വമുള്ള സ്മരണയിൽ നിന്നുണ്ടാകുന്ന സന്തോഷബാഷ്പമാകുന്നു മഴ. അതു പുൽക്കൊടിയാകുന്ന പുതിയതും തണുത്തതുമായ രോമാഞ്ചം ഭൂമിക്കു നൽകുന്നു. സ്വാൎത്ഥപ്രധാനമായ പ്രപഞ്ചത്തിൽ ഇത്തരത്തിൽ നന്ദിയുള്ളവരും ജീവിക്കുന്നുണ്ടല്ലോ എന്നുള്ള വിചാരം നിമിത്തം.

൩൧—൩൪. വേട്ട=സ്നേഹം. സ്നേഹംകൊണ്ടു സഹ്യൻ സമുദ്രത്തിനയക്കുന്ന ഉരുക്കിയ വെള്ളിക്കാശാകുന്ന കാഴ്ചദ്രവ്യമാണു് ഈ നാട്ടിലെ ആറുകളിലെ നിൎമ്മലജലം. തന്റെ കൊട്ടാരത്തോട്ടു് അവ വഹിക്കുന്ന പുഴകൾ അടുക്കുമ്പോൾ സമുദ്രരാജാവിന്റെ ആജ്ഞയനുസരിച്ചു് അദ്ദേഹത്തിന്റെ മരുമക്കളായ കായലുകൾ സഖായിമാരോടുകൂടി അല്പം മുമ്പോട്ടുചെന്നു് അവയെ എതിരേൽക്കുന്നു. കുട്ടിത്തരത്തിലുള്ള സമുദ്രങ്ങളാകുന്നു കായലുകൾ.

൩൫—൩൭. പണ്ടു ബ്രഹ്മാവു് വൎക്കലയിൽ ഒരു യാഗം നടത്തി. സരസ്വതീസഹിതനായി അവിടുന്നു ചെയ്ത ആ യാഗത്തിനു യജ്ഞേശനായ ശ്രീനാരായണൻ പ്രണയിനിയായ മഹാലക്ഷ്മിയോടുകൂടി വന്നുചേൎന്നു. അപ്പോൾ ആ ദേവികൾക്കു തമ്മിൽ ഒരു സഖ്യം ആവശ്യകമായിത്തീൎന്നു. ആ സഖ്യത്തിനു് ഇന്നും ഒരു കുറവു

Digitized By Kerala Sahitya Akademi

മില്ല അതായത്തു തിരുവിതാംകൂർ എല്ലാക്കാലത്തുമെന്ന പോലെ ഇന്നും ശ്രീമത്തും വിദ്യാസമ്പന്നവുമെന്നു സാരം.

൩൯—൪൨. ശ്രീ=ലക്ഷ്മി. സഹോദരി. സ്വസാവ്=സഹോദരി. സ്വർവൃക്ഷങ്ങൾ=അതായത്തു ദേവതരുക്കൾ, മന്ദാരം, പാരിജാതം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇങ്ങനെ അഞ്ചെണ്ണ്. കേരളകല്പവൃക്ഷമായ നാളികേരത്തെ കവി ആരാമത്തെ സ്വർവൃക്ഷമായി സങ്കല്പിക്കുന്നു. ലക്ഷ്മീദേവിക്ക് അപ്പോൾ കേരവൃക്ഷങ്ങൾ ഉടപ്പിറന്നവരാണ്. തിരുവിതാംകൂറിൽ ജൈത്ര (ജേതാവിനെ സംബന്ധിക്കുന്ന) യാത്ര ചെയ്യുന്ന ലക്ഷ്മിക്ക് ഈ ഉടപ്പിറന്നവർ വഴിനീളെ പച്ചക്കുടപിടിച്ച് ആയാസം തീർക്കുന്നതുപോലെ തോന്നുന്നു.

ii

൪൧ – ൪൪. സർവ്വപ്രജാസ്വാന്തം=എല്ലാ പ്രജകളുടേയും മനസ്സ്. ലോഹം=ഇരുമ്പ്. കാന്തം=മനോഹരമെന്നും അയസ്കാന്തമെന്നും. ആധാരം=അടിത്തട്ട്. യശസ്സുകൊണ്ടു തിരുവിതാംകൂർ കൈലാസത്തിനു തുല്യമാകുന്നു എന്നാൽ ഈ കൈലാസത്തിൻെറ മൂലത്തിനു രാവണൻെറ ബാഹുവിംശതികൊണ്ടോ മറ്റോ ഒരിക്കലും ഇളക്കമുണ്ടായിട്ടില്ല. ഓജസ്സ്=ഓജസ്സെന്നും ബലമെന്നും. "ഓജോ ദീപ്തൗ ബലേ" എന്നമരം. ഈ രാജ്യത്തിൻെറ തേജസ്സ് (ബലശാലികളായ രാജാക്കന്മാർ ഭരിക്കുകനിമിത്തം) (സനാതനം) എന്നേയ്ക്കും നിലനില്ക്കുന്നതാണ്. യുഗപ്രളയങ്ങളിൽപോലും (സുമേരു) മഹാമേരുവിനു നാശമില്ലെന്നു പൌരാണികന്മാർ.

Digitized By Kerala Sahitya Akademi

൩൨—൩൪. കൂടസ്ഥൻ=മൂലപുരുഷൻ. കൂടസ്ഥൻ കലാനിധിയും രാജാവും ഹിമകരനുമാകയാൽ ആ വംശത്തിൽ ജനിച്ച ഈ രാജ്യത്തിലെ രാജാക്കന്മാർ വിദ്വാന്മാരും പ്രകൃതിരഞ്ജകന്മാരും പ്രജകൾക്ക് ഉള്ളു കുളിരത്തക്കവണ്ണമുള്ള കരംമാത്രം വാങ്ങിക്കുന്നവരുമാണെന്നു ധ്വനി. നാഹുഷൻ=നഹുഷന്റെ പുത്രൻ; യയാതി. പണ്ടൊരിക്കൽ യയാതിയെ ദേവേന്ദ്രൻ സ്വർഗ്ഗലോകത്തിലേയ്ക്കു ക്ഷണിച്ചപ്പോൾ ചന്ദ്രവംശജനായ ആ മഹാരാജാവു മറുപടി പറഞ്ഞതു്:—

"നാഹം സ്വർഗ്ഗം ഗമിഷ്യാമി
സ്വർഗ്ഗമത്ര കരോമ്യഹം;
തപസാ ചൈവ ഭാവേന
സ്വധർമ്മേണ മഹീതലം
സ്വർഗ്ഗരൂപം കരിഷ്യാമി
പ്രസാദാത്തസ്യ ചക്രിണഃ."

എന്നായിരുന്നു ഇതു പത്മപുരാണാന്തർഗ്ഗതമായ ഒരു പുരാവൃത്തമാണു്. അങ്ങനെ അവരുടെ രാജ്യം സ്വർഗ്ഗതുല്യമാക്കുവാൻ ശ്രമിക്കുന്നവരാകുന്നു ചന്ദ്രവംശജന്മാരായ രാജാക്കന്മാർ എന്നു താൽപര്യം.

൩൫—൩൭. "ലുമ്പന്തിപൂർവ്വജാനാം കീർത്തിം ജാതാജാതാ ഗുണാധികാഃ" എന്ന നിലയിൽ ഈ രാജാക്കന്മാർ ജീവിക്കുകനിമിത്തം ഇവർക്കു കുലശേഖരപദം കേവലം (രൂഢി) ശബ്ദരൂപത്തിനിഷ്ടം മാത്രമല്ല; കുലത്തിനു (ശേഖരം) ശിരോലങ്കാരങ്ങൾ എന്നുള്ള നിലയിലും യോജിക്കുന്നു.

Digitized By Kerala Sahitya Akademi

൭൯—൩൨. ക്ഷിതിക്ഷിത്തുകൾ=ഭൂപാലന്മാർ. രവിവമ്മകുലശേഖരനെയാകുന്നു ഈ പദ്യത്തിൽ നിർദ്ദേശിക്കുന്നതു്; അദ്ദേഹം ക്രി. പി. ൧൨൬൬-ൽ ജനിച്ചു് കോളംബപുരരാജാവായി തന്റെ നാല്പത്താറാമത്തെ വയസ്സിൽ വേഗവതീതീരത്തിൽ വെച്ചു കിരീടധാരണം ചെയ്തു. ഇതു കാഞ്ചീപുരത്തിലെ അരുളാളപ്പെരുമാൾ കോവിലിൽ അദ്ദേഹത്തിന്റെ വകയായി കാണുന്ന ശിലാലേഖനത്തിലെ

"ജിത്വാ സംഗ്രാമധീരോ നൃപതിരധിരണം
　　വിദ്വിഷം വീരപാണ്ഡ്യം
കൃത്വാ സൈവ പാണ്ഡ്യചോളാൻ നയ ഇവ തനുമാൻ
　　കേരളേഭ്യോപ്യധീനാൻ
ഷട്ചത്വാരിംശദബ്ദസ്സ്തടഭുവി മകുടം
　　ധാരയൻ വേഗവത്യാഃ
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃത മഹീ-
　　കീൎത്തിവാണീരമാഭിഃ"

എന്ന പദ്യത്തിൽനിന്നു വെളിവാകുന്നു. വേഗവതി എന്നു വൈകയാറിനും പാലാറിനും പേരുള്ളതായി കാണുന്നു. കീൎത്തിയാകുന്ന പാലാറിനെ പാലാറ്റിന്റെ പാർശ്വത്തിൽ സൃഷ്ടിച്ചു; അതുവരെ കീൎത്തിപരത്തി എന്നു താൽപയ്യം.

൩൩—൩൪. ആംഗ്ലേയന്മാർ=ഇംഗ്ലീഷുകാർ. വൈശ്യർ=കച്ചവടംകൊണ്ടുജീവിക്കുന്നവരെന്നു് ഇവിടെ അൎത്ഥം. അവൎക്കു തിരുവിതാംകൂറുമായി ക്രി. പി. പതിനേഴാംശതകത്തിലും മറ്റും യാതൊരു ക്ഷാത്രവീൎയ്യവും ഇൻഡ്യയിൽ കാണപ്പെട്ടില്ല.

Digitized By Kerala Sahitya Akademi

൩൭—൨൦. കലാദ്രി=കലപവ്വതം എന്നും കല മാകുന്ന പവ്വതം എന്നും. മാൎത്താണ്ഡൻെറ ഉദയത്തിൽ സാമന്തരാജാക്കന്മാർ അദ്ദേഹത്തിനു കീഴടങ്ങി. സൂൎയ്യനുദിക്കുമ്പോൾ (രാജാവു) ചന്ദ്രനും (ഉഡുക്കളും) നക്ഷത്രങ്ങളും നിഷ്പ്രഭങ്ങളാകുന്നു. സൂൎയ്യനെ ദ്യോവു് (ആകാശം) ലാവയാകുന്ന മലർവാരിയിട്ടു തൊഴുന്നതിനു തുല്യമായി കവി സങ്കല്പിച്ചിരിക്കുന്നു. ഇവിടെ പരശുരാമഭൂമിയാകുന്ന ദ്യോവു് (സ്വൎഗ്ഗതുല്യമായ പരശുരാമഭൂമി) രാജാക്കന്മാരാകുന്ന ഉഡുക്കളെക്കൊണ്ടു് (ലാജഃ=മലർ) ആചാരലാജാർച്ചനം ചെയ്തതായി കവി ഉല്ലേഖനം ചെയ്യുന്നു.

൨൧—൨൪. ലന്ത=ഡച്ചുകാർ. അവരെ രാമയ്യൻ ദളവാ കുളച്ചൽയുദ്ധത്തിൽപരാജിതരാക്കി. ആ ലന്തക്കരുക്കളുടെ അന്തസ്സാരംപിഴിഞ്ഞെടുത്തു് ആ തൈലംകൊണ്ടു തൻെറ തേജസ്സു മാൎത്താണ്ഡവൎമ്മമഹാരാജാവു് ഉജ്ജ്വലിപ്പിച്ചു. എല്ലാവൎക്കും ശരണ്യനാണു് ശാൎങ്ഗപാണിയായ ശ്രീപത്മനാഭൻ.

൨൫—൩൦. ലക്ഷ്മീപതിയെങ്കിലും ഭൂമിയിൽ ആഗ്രഹമുള്ള ആളാണു് തൻെറ (ആഗന്തു) അതിഥി, അതായതു തൻെറ രാജധാനിയായ തിരുവനന്തപുരത്തു വന്നു കുടിയിരിക്കുന്ന വിഷ്ണു. അദ്ദേഹം പണ്ടു ബലി (മഹാബലി) യോടു മൂന്നടിത്തറയാചിച്ചുവാങ്ങി തൻെറ ആകാരംപോലും ഹ്രസ്വമാക്കി. അതാ അനന്തൻസംഭവങ്ങളും ഓൎമ്മയുള്ള ഈ ബലി (ബലവാൻ) തൽപത്തിൽ (അദ്ദേഹത്തിൻെറ പാദത്തിൽ) തൻെറ നേട്ടം മുഴുവൻ സമൎപ്പിച്ചു. ഗംഗയുടെ ഉത്ഭവസ്ഥാനമാകുന്നു മഹാവിഷ്ണുവിൻെറ പാദം; അതിനാൽ ആ നേട്ടം എങ്ങനെയുള്ളതായിരുന്നാലും അതിനു ശുദ്ധിയും വന്നു.

Digitized By Kerala Sahitya Akademi

൯൯—വ്യ൨. സപ്രസ്രീയൻ=സപ്രസാവിന്റെ പുത്രൻ, മരുമകൻ. രാമവൎമ്മമഹാരാജാവു്. ഭാരതീയൎക്കു ധനമല്ലാതെ വേറെ ധനമില്ല; അതു പുരുഷാൎത്ഥചതുഷ്ടയമാകുന്ന കല്പവൃക്ഷത്തിന്റെ മൂലമാകുന്നു. ആ മൂലത്തിൽ തന്റെ ഭാരത്തെ ന്യാസം ചെയ്തു. നിൎവൃത്തജന്മോദ്ദേശ്യൻ=ചരിതാൎത്ഥൻ.

വ്യ൩—വ്യന്നു. മഹിഷാധീശൻ=മഹിഷപുരത്തിന്റെ (മൈസൂരിന്റെ) അധീശൻ; ടിപ്പു. മഹിഷനാകുന്ന രാജാവു്, അതായതു മഹിഷാസുരൻ എന്നും. ദുൎഗ്ഗ=ദുൎഗ്ഗാഭഗവതി; ഗമിക്കുവാൻ (അതിക്രമിക്കുവാൻ) പാടില്ലാത്തതു് എന്നാം കൊററക്കുടയാകുന്ന പാലിന്റെ പുകളോടുകൂടി. വെളുത്ത ഗോവൎദ്ധനപൎവ്വതം. ഗോവൎദ്ധനത്തിന്റെ പക്ഷത്തിൽ പശുക്കളുടെ പാലിനു കീൎത്തിപ്പെട്ട എന്നു യോജിപ്പിക്കണം. സകലത്തെയും ഗോവൎദ്ധനം ക്രുദ്ധനായ ശക്രനിൽ നിന്നു രക്ഷിച്ചതുപോലെ ഈ വെൺകൊററക്കുട ടിപ്പുവിൽ നിന്നു രക്ഷിച്ചു.

iii

വ്യൻ—൯൪. ചിത്രാനക്ഷത്രമാകുന്ന ശുക്തികൾ ഞങ്ങൾക്കു പ്രസാദിച്ചു നല്കിയ ഉത്തമമൌക്തികമാണു് ഞങ്ങളുടെ പൊന്നുതമ്പുരാൻ. ൧൬ വയസ്സിൽ നാട്ടുനടപ്പനുസരിച്ചു് കിരീടധാരണാൎഹനാണു്. ദിവ്യസ്രക്കു്=ദിവ്യമായ (ദേവസംബന്ധി=വാടാത്തതു്) മാല. ഭവൽകണ്ഠം=അങ്ങയുടെ കണ്ഠം. തൽസ്ഥാനം=അതു് എവിടെച്ചെന്നു ചേരണമോ അവിടം.

൯൭—൧൦൨. അത്യനൎഘം=ഏററവും വിലമതിക്കുവാൻ പാടില്ലാത്തതു്. യജ്ഞേശനായ ഭഗവാൻ

ശ്രീപതി നിങ്ങൾക്ക് (അനന്തശയനസ്ഥനാകയാൽ) എന്നും അതിഥിയാണ്. യാഗവും അതിഥിപൂജയുമാണല്ലോ ഗൃഹസ്ഥാശ്രമധൎമ്മങ്ങളിൽ മുഖ്യം. ഇള=ഭൂമി. രാജാക്കന്മാൎക്കു വിധിച്ചിട്ടുള്ള യാഗം പരാൎത്ഥമായുള്ള സ്വസുഖത്യാഗമാണ്. മുഖ്യമായ ഗൃഹസ്ഥധൎമ്മം ശത്രുക്കൾക്കു പ്രീതിനൽകുന്നതാണ്. പരാൎദ്ധ്യം=ശ്രേഷ്ഠം. വിവാഹത്തിന്റെ ഫലം (പ്രജോദയം) സന്താനോൽപത്തിയാകുന്നു. വഞ്ചിഭൂമിയും മഹാരാജാവും തമ്മിലുള്ള വിവാഹത്തിന്റെ ഫലം പ്രജകളുടെ (ഉദയം) അഭ്യുദയമാകുന്നു.

൧൦൮—൧൦൯. പത്മനാഭസ്വാമിയും ധൎമ്മവും ഒന്നുതന്നെ. 'യതോ ധൎമ്മസ്തതോജയഃ' എന്നു വ്യാസൻ മഹാഭാരതത്തിൽ. ഹരി (വിഷ്ണു) ധൎമ്മമൂൎത്തിയാകുന്നു. വാസ്തവത്തിൽ തിരുവിതാംകൂർമഹാരാജാക്കന്മാൎക്ക് ഒരു കുലദൈവമേയുള്ളു എന്നു സാരം.

൧൧൦—൧൧൪. അവന്തിയിലാണ് സാന്ദീപനി മഹർഷി ജീവിച്ചിരുന്നത്; അവിടെയാണ് ഭഗവാൻ ശ്രീകൃഷ്ണൻ വിദ്യാഭ്യാസം ചെയ്തതു്. വാണിയെ ഭജിക്കുക=വിദ്യാഭ്യാസം ചെയ്യുക. സ്യാനന്ദൂരം=തിരുവനന്തപുരം. മഹിഷപുരം=മൈസൂർ. അസ്മദാചാൎയ്യൻ=ഞങ്ങളുടെ ആചാൎയ്യൻ; ശങ്കരാചാൎയ്യർ. ശാരദാപീഠം ഇന്നും വച്ചു പൂജിക്കുന്നതു മൈസൂർ മഹാരാജ്യത്തിൽ പെട്ട ശൃങ്ഗേരിയിലാകുന്നു. സ്പഷ്ടദൃഷ്ടമാനസൻ=സ്പഷ്ടമായി ദൎശിക്കപ്പെട്ട മാനസസരസ്സോടുകൂടിയവൻ എന്നു മൈസൂർ മഹാരാജാവിന്റെ പക്ഷത്തിൽ; സാക്ഷാൽകൃതാന്തഃകരണൻ എന്നു ജനകമഹാരാജാവിന്റെ പക്ഷത്തിൽ; പ്രത്യഗ്ദൃഷ്ടി എന്നു താൽപൎയ്യം. അൎവ്വാചീനൻ=ഇപ്പോൾ ജീവിച്ചിരിക്കുന്നവൻ.

Digitized By Kerala Sahitya Akademi

൫൫൭—൫൫൮. തല്സമാഖ്യൻ=അങ്ങയുടെ (സമാഖ്യ=പേർ) പേരോടുകൂടിയവൻ. രാമവർമ്മമഹാരാജാവു്. മൈസൂർകാരെ രാജാകേശവദാസൻ യുദ്ധത്തിൽ തോല്പിച്ചു. സ്വച്ഛന്ദം=യഥേഷ്ടം.

൫൫൯—൫൬൨. പലദിക്കുകളിൽ പലമാതിരി ജ്ഞാനം ചിതറിക്കിടക്കുന്നു. അവ സരസ്വതിയുടെ വരങ്ങളാകുന്ന മുത്തുകളാണു്. അവയെ അവിടുന്നു വിദേശസഞ്ചാരംകൊണ്ടും മററും ഒന്നിച്ചുചേൎത്തു കഴുത്തിൽ ഒരിഴയുള്ള മുത്തുമാലയായി അണിയുന്നു. അതായതു് ആ ജ്ഞാനം പ്രയോഗയോഗ്യമായിത്തീരത്തക്കനിലയിൽ ഗ്രഹിച്ചിരിക്കുന്നു.

൫൬൩—൫൭൦. മനസ്വിനി=സ്വതന്ത്രഹൃദയ. തന്റെ അപദാനങ്ങളെക്കൊണ്ടു മാതൃഭൂമിയായ കേരളത്തിനു് ആനന്ദപുളകം വായ്പിക്കുന്നു. ഭാരതീയസ്ത്രീകളുടെ കുശലത്തിനുവേണ്ട ഉപായങ്ങളെ പ്രത്യഹം സിദ്ധമായുപദേശിക്കുന്നു. ധീര=വിദുഷി എന്നും ധൈര്യശാലിനി എന്നും. സംസ്കാരപൂതഃ=പരിഷ്കാരത്താൽ ശുദ്ധം. വിശദം=വെളുത്തതു്. വിശങ്കടം=വിസ്തീർണ്ണം. വിബുധവ്രജഃ=വിദ്വൽസമൂഹമെന്നും ദേവസമൂഹമെന്നും. എങ്ങനെ പാൽക്കടലിൽനിന്നു ലോകഹിതത്തിനായി പണ്ടു ദേവന്മാർ പല സമ്പത്തുകളേയും കാംക്ഷിച്ചുവോ അതുപോലെ ഈ ഹൃദയത്തിൽ നിന്നു പല ഉൽകൃഷ്ടചിന്താസന്താനങ്ങളേയും വിദ്വാന്മാർ ലോകത്തിന്റെ ഇന്നത്തെ ഹിതത്തിനുവേണ്ടി കാംക്ഷിക്കുന്നു.

൫൭൧—൫൭൮. സാരസനാഭാങ്ഘ്രി=പത്മനാഭന്റെ പാദം. ഈ കിരീടം മാർത്താണ്ഡവർമ്മമഹാരാജാവു് അതിൽ അൎപ്പിച്ച ഒരു പൂവാകയാൽ അതു ശിര

Digitized By Kerala Sahitya Akademi

സ്സിലണിയുമ്പോൾ തിരുവിതാംകൂർ മഹാരാജാക്കന്മാൎക്കു അതു ഭാരമുള്ളതായി തോന്നുകയില്ല. ആവൎജ്ജിക്കുക= വശീകരിക്കുക.

൬൩൯ — ൭൪൮. അവിടുത്തേയ്ക്കു മങ്ഗലാഭിഷേകം പ്രജകൾ നാട്ടെങ്ങും ഇതിനു മുമ്പുതന്നെ ഹർഷാശ്രുവാകുന്ന ഗങ്ഗാജലംകൊണ്ടു ചെയ്തുകഴിഞ്ഞിരിക്കുന്നു. മഘവാവ്=ദേവേന്ദ്രൻ. പൂൺപ്=ആഭരണം.

൬൪൪ — ൭൯൦. പ്രഥവകൻ=ശ്രേഷ്ഠൻ. ഏകോദരർ= ഒരേ അമ്മയുടെ (വഞ്ചിഭൂമിയുടെ) വയററിൽ ജനിച്ചവർ. തണ്ടു=ചരട്. വാസന=മണമെന്നു പുഷ്പത്തിന്റെ പക്ഷത്തിൽ. ആവാസങ്ങൾ=ഇരിപ്പിടങ്ങൾ.

൬൭൬ — ൭൩൨. ചൈത്രം=വസന്തം. ചിത്രയിങ്കൽ ഭവിച്ചതു ചൈത്രം. ഇവിടെ ചിത്തിരതിരുനാൾ മഹാരാജാവെന്നു താല്പൎയ്യം. ചൈത്രശബ്ദം സംസ്കൃതത്തിൽ പുല്ലിംഗമാണ്. താരാർമണം=പൂവിന്റെ വിശിഷ്ടമായ മണം. ഉൾപ്പൂവു വിടരുന്നു=വസന്തം പുഷ്പകാലമാണല്ലോ. ആശകൾ ജനങ്ങൾക്കു വൎദ്ധിക്കുന്നു. കാർവണ്ടുകൾ=ഇവിടെ അധഃസ്ഥിതസമുദായത്തിൽ പെട്ടവരെന്നു ധ്വനി; അവരും യഥാശക്തി സ്വൎണ്ണാഭരണങ്ങളും മററും അണിഞ്ഞു് ആനന്ദത്തോടുകൂടി ആടിപ്പാടിസ്സഞ്ചരിക്കുന്നു. പ്രകൃതിപ്രതീക്ഷകൾ=പ്രകൃതിയുടെ പ്രതീക്ഷകളെന്നും, പ്രജകളുടെ പ്രതീക്ഷകളെന്നും. കവിശബ്ദംകൊണ്ടു ഇവിടെ സൽകവികളെ വിവക്ഷിക്കുന്നു. ജനങ്ങളുടെ തപസ്സിന്റെ (പരീപാകം=പരിപാകം) ഫലമാണ് ഇതു്. നാം ഈ കണികാണുന്നതിന്റെ മാഹലയി ഭാഗ്യലക്ഷ്മി നമ്മെ തന്നെത്താൻ വന്നു്

ആലിംഗനം ചെയ്യും. ചൈത്രത്തിന്റെ ആരംഭത്തിലാണല്ലോ വിഷു.

൩൩൨ — ൩൪൦ കല്യാണധാമാവ് = ഉജ്ജ്വലമായ തേജസ്സോടുകൂടിയവൻ. പ്രമാർജ്ജിക്കുക = കഴുകുക. രാജ്യാഭിഷേകജലം സ്വാത്മത്തെ പ്രമാർജ്ജിക്കുന്നു എന്നു വച്ചാൽ സ്വപാപഭാഗത്തെ രാജാവ് അഭിഷിക്തനാകുന്ന നിമിഷം മുതൽ ത്യജിക്കുന്നു എന്നർത്ഥം.

"താവൽ സുഖം ഭൂപതിഭിർ-
ഭോഗജം പ്രാപ്യതേ നൃപ!
അഭിഷേകം ജലം മൂർദ്ധ്നി
യാവന്ന വിനിപാത്യതേ."

എന്നു മാർക്കണ്ഡേയപുരാണം. മാവേലിതൻനാട് = തിരുവിതാംകൂർ. മാവേലി (മഹാബലിയുടെ) നാട്ടിൽ മഹാബലിയുടെ മുത്തച്ഛനായ ഈ പ്രഹ്ലാദൻ (പരമഭാഗവതന്മാരിൽ അഗ്രഗണ്യൻ) ലോകഹിതാനുഷ്ഠാനത്തിനായി ജീവിക്കുന്നു. സ്വഭൂപ്രിയൻ = തന്റെ ഭൂമിയുടെ ഭർത്താവെന്നും സ്വഭൂവിനു (മഹാവിഷ്ണുവിനു) പ്രിയനെന്നും.

൩൪൧ — ൩൪൨. സാധുക്കൾ = അനന്യശരണന്മാർ. അവരുടെ ഏടങ്ങളാകുന്ന ക്ഷേത്രങ്ങൾ. അൻപതുലക്ഷത്തിൽ പരം ജനങ്ങളാകുന്നു ഇപ്പോൾ തിരുവിതാംകൂറിലുള്ളതു്. മഹാവിഷ്ണു സർവാന്തര്യാമിയാകയാൽ ഈ ക്ഷേത്രങ്ങളിൽ അവിടത്തെ സന്നിധാനത്തിൽത്തന്നെയാകുന്നു മഹാരാജാവു തിരുമനസ്സിലെ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. ഞങ്ങളുടെ ആശാങ്കുരം ചിത്രത്തിൽ നിന്നു ജനിച്ചതാണു്. (ചിത്രത്തിൽ അതായതു

Digitized By Kerala Sahitya Akademi

ചിത്രോത്ഭവനായ തമ്പുരാനിൽ എന്നും). അധിഷ്ഠാതാ വ്=അധ്യക്ഷൻ. ഈ ചിത്രോത്ഭവന് ദീർഘായുസ്സ നൽകേണ്ടതു് അവിടുന്നാണു്. ഈ ചിത്രത്തിനു പ്രാണപ്രതിഷ്ഠ ചെയ്യേണ്ടതു് അവിടുന്നാണെന്നും. അവിടത്തേയ്ക്കു മഹാരാജാവിനാൽ ദത്തമാകയാൽ ഇതു് അവിടുത്തെ വഞ്ചിയാകുന്നു. നിയന്താവ്=അമരക്കാരൻ.

൱൨൰—൱൰൦. സ്വാമി എങ്ങനെ ഭക്തനായ ദാസനോടു പെരുമാറണം എന്നുപദേശിക്കാൻ ഞങ്ങളിൽ ആരാണു് അധികാരി? ഞങ്ങൾ കാലദേശങ്ങളുടെ പരിധിയിൽ പെട്ടവരാണു്; അവിടുന്നു് ആ ഉപാധികളെല്ലാം കടന്നവനാണു്. ആയുരാരോഗ്യൈശ്വര്യാദി സാധാരണ ശബ്ദങ്ങൾകൊണ്ടൊന്നും ഞങ്ങൾക്കു ഞങ്ങളുടെ ആശയെ വേണ്ടപോലെ പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഒരു നിമിഷത്തിൽ ഞങ്ങൾ എന്തു നേർന്നാലും അടുത്ത നിമിഷത്തിൽ ആ നേർച്ചയൊന്നും പോരെന്നു തോന്നുന്നു. അവിടുന്നു കരുണക്കടലാണു്. ആ കടലിൽ എന്തെല്ലാം രത്നങ്ങളുണ്ടെന്നു ലക്ഷ്മീഭഗവതിപോലും അറിയുന്നില്ല. ഭാഗ്യമാക്കാണല്ലോ സാധാരണമായി ഒരു ഗൃഹത്തിലുള്ള രത്നങ്ങളെയും മററും പററി നിശ്ചയമുണ്ടാകുക. വിഭവം=ധനം.

൱൰൱—൱൰൪. പരിഷ്കാരം=അലങ്കാരമെന്നു കൂടി അർത്ഥം.

൱൰൬—൱൰൮. ആർജ്ജവം മുതലായ ഗുണങ്ങളെ ഹൃദയത്തിൽ നിൽക്കുന്ന അഞ്ചു ദേവതകളായി ഉല്ലേഖനം ചെയ്തു് അവയിൽ നിന്നു ലോകത്തിനുണ്ടാകുന്ന നന്മയെ പുഷ്പവൃഷ്ടിയായി വർണ്ണിച്ചിരിക്കുന്നു. ആരെങ്കി

Digitized By Kerala Sahitya Akademi

ച്ചം ജയിക്കുന്ന സന്ദർഭത്തിൽ ദേവന്മാർ പുഷ്പവർഷം ചെയ്യുന്നതു സാധാരണമാണു്. ദേവൻ=രാജാവെന്നും അർത്ഥം.

൫൯൯—൬൦൨. ഭൂമിജനരകാന്തം=ഭൂമിയുടെ പുത്രനായ നരകാസുരന്റെ അന്തമെന്നും, ഭൂമിയിൽ ജനിക്കുന്ന നരകങ്ങളുടെ (ദാരിദ്ര്യം, വ്യാധി, അജ്ഞാനം മുതലായവയുടെ) അവസാനമെന്നും. ദീപാവലിദിവസത്തിലാണു് തിരുമനസ്സിലെ അവതാരം. അന്നാണു് നരകാസുരനെ ശ്രീകൃഷ്ണൻ നിഗ്രഹിക്കുന്നതു്. ആ സന്തോഷത്തിന്റെ സൂചകമാണു് ഇന്നും ഹിന്ദുക്കൾ ദീപാവലി ആഘോഷിക്കുന്നതു്.

൬൦൩—൬൦൪. ഈ മഹാരാജാവു് ഓജസ്സും പ്രസാദവും തുല്യമായി സമ്മേളിച്ചു് സൂര്യചന്ദ്രന്മാർ ഒന്നിച്ചുചേർന്നു് അവതരിച്ചതുപോലെ പകലും രാത്രിയും ഭൂമിക്കു് ഒന്നുപോലെ പ്രകാശം നൽകി (രഥാംഗം) ചക്രവാകപക്ഷിയും (ചെമ്പോത്തു്) ചകോരപക്ഷിയും പ്രശംസിക്കത്തക്ക നിലയിൽ പരിലസിക്കട്ടെ. ചക്രവാകം സൂര്യനേയും ചകോരം ചന്ദ്രനേയുമേ പ്രശംസിക്കൂ. അജാതശത്രുവായി സർവ്വജനരഞ്ജകനായി ജീവിക്കട്ടെ എന്നു താൽപര്യം.

൬൧൧—൧൫. സ്വാപദാനം=തന്റെ വിശിഷ്ടകർമ്മം. പൂർവ്വന്മാരായ രാജാക്കന്മാരെ മറക്കത്തക്ക നിലയിലുള്ള ഉൽകൃഷ്ടകർമ്മങ്ങൾ ചെയ്യട്ടെ. അതു് അപയശസ്സെന്നു ദൃഷ്ടിമാത്രത്തിൽ തോന്നാം; അതാണു് അതിനെ കൃഷ്ണവർണ്ണമായ കസ്തൂരിപ്പൊട്ടായി വർണ്ണിക്കുന്നതു്. വാസ്തവത്തിൽ കസ്തൂരീതിലകം എങ്ങനെ നായി

Digitized By Kerala Sahitya Akademi

കയുടെ ഫാലത്തിന്നലങ്കാരമായി പരിണമിക്കുന്നുവോ അതുപോലെ ഈ പ്രവൃത്തി അവിടത്തെ കീൎത്തിയുടെ സുഷമയെ വൎദ്ധിപ്പിക്കുകയേ ഉള്ളു. കീൎത്തി ലക്ഷ്മിയുടെ നെററി തിങ്കൾക്കീറിന് ഒത്തതാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആഗ്രഹിക്കുന്നതിലധികം അങ്ങു തരും. അത്തരത്തിലുള്ള ഒരാളോട് ഇത്തരത്തിലുള്ള അഭ്യൎത്ഥനകൾ കേവലം വക്താവിന്റെ മൂകതയെ പ്രഖ്യാപനം ചെയ്യുന്നതിനുമാത്രമേ പ്രയോജകീഭവിക്കയുള്ളു. ഭൂതഭാവനൻ=സകല ചരാചരങ്ങളുടെയും ജനയിതാവ്. വിഭു=സൎവ്വ്യാപി.

B. V. Printing Works,—Trivandrum.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi